## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3254

20/06/2014-ൽ മറുപടിക്ക്

## കുടുംബശ്രീ ട്രാവൽസിന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. എ.റ്റി. ജോർജ് | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) | |
| (എ) | കുടുംബശ്രീ ട്രാവൽസിന്റെ പ്രവർ ത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. 2013 നവംബർ മാസത്തിലാണ് തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ കുടുംബശ്രീ ട്രാവ ൽസിന്റെ പ്രവർത്തനം ആരംഭിച്ചത്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യ ങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ (1) സ്ത്രീകൾക്ക് സുരക്ഷിതമായ യാത്രാസൗകര്യങ്ങൾ ഒരുക്കുക, (2) കുടംബശ്രീ അംഗങ്ങൾക്ക് മാന്യമായ ഉപജീവന മാർഗ്ഗം ഏർപ്പെടുത്തി കൊടുക്കുക എന്നിവയാണ്.<br><br>തിരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ അംഗങ്ങൾക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകി, സൂക്ഷ്മ സംരംഭക മാതൃകയി ൽ ടാറ്റാ നാനോ കാറുകൾ ഉപയോഗിച്ച് സജ്ജീകരിച്ചിരിക്കു ന്ന കോൾ ടാക്സി സംരംഭമാണിത്. സംരംഭകരായിട്ടുള്ള സ്ത്രീകൾ ഓടിക്കു ന്ന/നിയന്ത്രി ക്കുന്ന കാറുകളാണ് ഇതിലുള്ളത്. സ്ത്രീകൾ സ്വതന്ത്രമായി ഒറ്റയ്ക്ക് വിവിധ ദൈനംദിന ആവശ്യങ്ങൾക്കായി സഞ്ചരിക്കേണ്ട സാഹചര്യങ്ങളി ൽ അവരുടെ സുരക്ഷിതത്വം ഉറപ്പാക്കു ന്ന രീതിയിലുള്ള യാത്ര ഉപാധിയാണിത്. സ്ത്രീകൾക്കും, സ്ത്രീകൾക്കൊപ്പം യാത്ര ചെയ്യു ന്ന പുരുഷ ന്മാർക്കും മാത്രമേ നിലവിൽ ഈ സൗകര്യം ലഭ്യമാക്കു ന്നുള്ളു. |
| (സി) | സ്ത്രീകളുടെ യാത്ര സുരക്ഷിതമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങ ളാണ് ഇതിൽ ഉൾക്കൊ ള്ളിച്ചിരിക്കുന്നത്; വിശദമാക്കുമോ; | (സി) | പ്രസ്തുത വാഹനം ഓടി ക്കുന്ന വരുടേയും യാത്രക്കാരുടേയും സുരക്ഷിതത്വം ഉറപ്പാക്കു ന്ന തിലേയ്ക്ക് ജിപിഎസ് സംവിധാനം വഴി ബന്ധിപ്പിക്കുകയും വാഹനം ആവശ്യമുള്ള യാത്രക്കാർക്ക് നിലവി ൽ ഫോണി ൽ കൂടി വാഹനം ബുക്ക് ചെയ്യാവുന്ന രീതി ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. വാഹന സൗകര്യം ഉപയോഗിക്കു ന്ന |

| | | | |
|---|---|---|---|
| | | | യാത്രക്കാരുടെ ഡാറ്റ . കോൾ സെന്ററിൽ സൂക്ഷിക്കുന്നുണ്ട്. സ്ത്രീകൾക്കും,സ്ത്രീകൾക്കൊപ്പം യാത്ര ചെയ്യുന്ന പുരുഷന്മാർക്കും മാത്രമേ ഈ സൗകര്യം ലഭ്യമാക്കുന്നുള്ളു |
| (ഡി) | സംസ്ഥാനത്തുടനീളം ഇത് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടത്തിയ പദ്ധതി ഇപ്പോൾ എറണാകുളം ജില്ലയിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിലേയ്ക്കും ഇത് വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്. |

Joseph Hill

സെക്ഷൻ ഓഫീസർ